**പ്ലാച്ചിമടയിലും സമീപപ്രദേശങ്ങളിലും കോളക്കമ്പനിമൂലമുണ്ടായ വിനാശങ്ങൾക്കും ദുരിതങ്ങൾക്കും നഷ്ടപരിഹാരം നൽകി കമ്പനിയെ കെട്ടുകെട്ടിക്കണമെന്നതാണ് ഇപ്പോൾ സമരം നടത്തുന്നവരുടെ ആവശ്യം. ഇത് വളരെ ശരിയായ ഒരു ആവശ്യം തന്നെയാണ്. പക്ഷെ ഇതെങ്ങനെ പ്രായോഗികമാക്കാം(അഥവാ അതിനു കഴിയുമോ) എന്ന കാര്യത്തിൽ യാതൊരു വ്യക്തതയുമുള്ളതായി തോന്നുന്നില്ല.**

# പ്ലാച്ചിമട തേടുന്ന (രാഷ്ട്രീയ) പരിഹാരങ്ങൾ

സി.ആർ നീലകണ്ഠൻ

ലോകത്തിന്റെയാകെ ശ്രദ്ധയാകർഷിച്ച പ്ലാച്ചിമട സമരം വിജയിച്ചതായി പ്രഖ്യാപിക്കാൻ കഴിയുക എപ്പോഴാണ്? ഈ ചോദ്യത്തിന് ഒരൊറ്റ ഉത്തരം ലഭിക്കുമെന്നു കരുതാനാകില്ല. സമരത്തെ പിന്താങ്ങിയ വളരെ വിശാലമായ ഒരു മുന്നണിയിലെ ഓരോ ഘടകത്തിനും ഇക്കാര്യത്തിൽ വ്യത്യസ്താഭിപ്രായങ്ങളുണ്ടാകാം. ഇവർ ഓരോരുത്തരും വ്യത്യസ്തമായ കാരണങ്ങളാൽ വ്യത്യസ്തമായ കാലഘട്ടത്തിൽ സമരത്തെ പിന്തുണയ്ക്കാനെത്തിയവരാണ്. വളരെ വ്യത്യസ്തവും (പലപ്പോഴും പരസ്പരവിരുദ്ധം തന്നെയും) സവിശേഷവുമായ രാഷ്ട്രീയ വീക്ഷണങ്ങൾ വച്ചുപുലർത്തുന്നവരുമാണ് എന്നതിനാൽ ഇതിൽ വലിയ അത്ഭുതമില്ല. ഇവരോരുത്തരും സമരത്തിന്റെ പ്രധാന മുദ്രാവാക്യം തങ്ങൾ മുന്നോട്ടുവയ്ക്കുന്നതാണെന്നു സ്ഥാപിക്കാൻ ശ്രമിക്കുന്നതിലും തെറ്റില്ല. കോളവിരുദ്ധസമരത്തെ സാമ്രാജ്യത്വത്തിനെതിരായ സമരമായും പരിസ്ഥിതി നാശത്തിനും വിഭവചൂഷണത്തിനുമെതിരായ സമരമായും പ്രാദേശികജനതയുടെ അവകാശസംരക്ഷണത്തിനുള്ള സമരമായും ദളിത് -ആദിവാസി പ്രാന്തവൽകൃതരുടെ പോരാട്ടമായുമൊക്കെ നാം കാണുന്നുണ്ട്. സമരം ചെയ്യുന്നവരെക്കൊണ്ട് തങ്ങളുടെ നിലപാട് അംഗീകരിപ്പിക്കാൻ ശ്രമിക്കുന്നവരും കുറവല്ല. (ചിലർ തങ്ങൾ തന്നെയാണ് സമരം ചെയ്യുന്നതെന്നു സ്ഥാപിക്കാനും ശ്രമിച്ചിട്ടുണ്ട്.)

കോളക്കമ്പനി പ്ലാച്ചിമടയിൽ പൂട്ടിയതോടെ സമരം തീർന്നുവെന്നു കരുതുന്നവരുണ്ട്. കോടതി വഴിയോ മറ്റോ ഇനിയത് തിരിച്ചുവരുന്നതു തടയുകയെന്ന ഒരൊറ്റ ലക്ഷ്യമേ ഇവർക്കുള്ളൂ. ഇന്നത്തെ രാഷ്ട്രീയ സാഹചര്യത്തിൽ ഏതു മുന്നണി അധികാരത്തിലിരുന്നാലും പ്ലാച്ചിമടയിൽ കോളയുണ്ടായുണ്ടാക്കാനാവില്ലെന്ന് ആർക്കുമറിയാം; കോടതി എന്തുവിധിച്ചാലും. ഈയവസ്ഥയിലാണ് മാമ്പഴച്ചാർ ഫാക്ടറിക്കായി ശ്രമം നടക്കുന്നത്. അന്നാട്ടിലെ മാങ്ങ ഉപയോഗിക്കുന്നതിനാലും ബഹുരാഷ്ട്ര ഉൽപ്പന്നം ഉണ്ടാക്കുന്നില്ലെന്നതിനാലും ഈ നിർദ്ദേശത്തെ അനുകൂലിക്കണമെന്നുവാദിക്കുവർ സമരമുന്നണിയിൽത്തന്നെയുണ്ട്.

ഭൂഗർഭജലം ഊറ്റിക്കുടിക്കുന്ന, മലിനമാക്കുന്ന മറ്റൊരു കമ്പനി ഇനി കേരളത്തിലെവിടെയും (ഇന്ത്യയിൽ തന്നെയും) വരരുതെന്ന് വാദിക്കുന്നവർ ഉണ്ട്. കോള സമരം അതിനുള്ള ആവേശമാക്കി വളർത്തിയാൽ പ്ലാച്ചിമട സമരത്തിന്റെ ധർമ്മം പൂർത്തിയായിയെന്ന 'വിശാലരാഷ്ട്രീയ' വീക്ഷണമാണിവർ പുലർത്തുന്നത്. ഈ പിന്തുണക്കാരെല്ലാം വരുന്നതിനുമുമ്പ് പ്ലാച്ചിമടക്കാർ സമരം തുടങ്ങുന്നതിനാധാരമായ പ്രശ്നങ്ങൾ പരിഹരിച്ച

ശേഷം മാത്രമേ സമരം അവസാനിപ്പിക്കുമെന്നു വാദിക്കുന്നവരാണ് ഇപ്പോൾ ശക്തമായ സമരരംഗത്തുള്ളത്. ഇത്തരത്തിലുള്ള എല്ലാവിഭാഗക്കാരുടെയും മുന്നിൽ ഉയർന്നുവരാവുന്ന നിരവധി പ്രശ്നങ്ങളുണ്ട്. മാമ്പഴച്ചാർ കമ്പനിയായാൽ വെള്ളം ആവശ്യമില്ലേ? ഇന്നുവരെ കോളക്കമ്പനി ആ നാട്ടിനു വരുത്തിവച്ച നാശത്തിനു പരിഹാരം ചെയ്യാതെ അവിടെ മറ്റൊരു സ്ഥാപനം ഉയർത്താൻ അവരെ അനുവദിക്കുന്നതു ശരിയോ? കോളക്കമ്പനി പ്ലാച്ചിമടയിൽ അടച്ചിട്ട് നാലുവർഷത്തോളമായി. എന്നാൽ ഇപ്പോഴും മറ്റൊരു ബഹുരാഷ്ട്ര ജലവിൽപനക്കമ്പനിയായ പെപ്സി ഇതേ അളവിൽ വെള്ളമൂറ്റിവിറ്റുകൊണ്ട് അതേ ജില്ലയിൽ പ്രവർത്തിക്കുന്നു. അവർക്കെതിരെ 'അനുഷ്ഠാന' സമരം നടത്തുന്നവരില്ലെന്നല്ല. പക്ഷെ അതെല്ലാം പാറയിൽ തലയടിക്കുന്നതുപോലെ മാത്രമാകുന്നതെന്തുകൊണ്ട്? പ്രശ്നം 'കൊക്കകോള' എന്ന പേരു മാത്രമാണോ? ഗാന്ധിജി പറഞ്ഞല്ലോ " മാഞ്ചസ്റ്ററിലുണ്ടാക്കുന്ന തുണി ബോംബെയിലുണ്ടാക്കിയാലും അതിനെ ഞാനെതിർക്കും" എന്ന്. പ്ലാച്ചിമട സമരത്തെ പിന്താങ്ങുന്നവർക്ക് ഈ രാഷ്ട്രീയനയം ബാധകമല്ല.

പ്ലാച്ചിമടയിലും സമീപപ്രദേശങ്ങളിലും കോളക്കമ്പനിമൂലമുണ്ടായ വിനാശങ്ങൾക്കും ദുരിതങ്ങൾക്കും നഷ്ടപരിഹാരം നൽകി കമ്പനിയെ കെട്ടുകെട്ടിക്കണമെന്നതാണ് ഇപ്പോൾ സമരം നടത്തുന്നവരുടെ ആവശ്യം. ഇത് വളരെ ശരിയായ ഒരു ആവശ്യം തന്നെയാണ്. പക്ഷെ ഇതെങ്ങനെ പ്രായോഗികമാക്കാം(അഥവാ അതിനു കഴിയുമോ) എന്ന കാര്യത്തിൽ യാതൊരു വ്യക്തതയുമുള്ളതായി തോന്നുന്നില്ല. വ്യക്തമായ, കൃത്യമായ നടപടിക്രമങ്ങളും ലക്ഷ്യങ്ങളും അവതരിപ്പിക്കാതെ ഇങ്ങനെ ഒരു ആവശ്യമുന്നയിച്ച് സമരം മുന്നോട്ടു പോകുന്നതിൽ ചില അപകടങ്ങളുണ്ട്. ആഗോളവൽക്കരണത്തിനും സ്വകാര്യവൽക്കരണത്തിനുമെതിരായി വ്യവസ്ഥാപിത ഇടതുപക്ഷമടക്കം നടത്തുന്ന സമരങ്ങൾ ഇത്തരത്തിൽപ്പെട്ടതാണ്. ആ



സമരങ്ങൾകൊണ്ട് ഒന്നും സംഭവിക്കില്ലെന്നവർക്കറിയാം (കളക്ടറേറ്റ് പിക്കറ്റ് ചെയ്ത് ഇതു നേടാമെന്നു പറയുന്നതുപോല). പിന്നെ സ്വന്തം രാഷ്ട്രീയ അസ്ഥിത്വം നിലനിർത്തുകയെന്ന ഒരൊറ്റ ലക്ഷ്യമാണ് ഇതിലൂടെ രാഷ്ട്രീയകക്ഷികൾക്കുള്ളത്. സംഘടനാബലം ഉറപ്പാക്കാം, മാധ്യമങ്ങളിൽ ഇടം നേടാം, പ്രതിപക്ഷമാണെങ്കിൽ ഭരണപക്ഷത്തെ ഒന്നിരുത്താം... പക്ഷെ ദുരിതമനുഭവിക്കുന്നവർക്കിതുകൊണ്ടൊരു കാര്യവുമില്ല. ചില എം.എൽ സംഘടനകൾ പറയുന്നതുപോലെ " ഈ പ്രശ്നങ്ങൾ ഒറ്റക്കൊറ്റക്കു പരിഹരിക്കപ്പെടില്ല. ഭരണവ്യവസ്ഥയിൽ മാറ്റം വരുത്തുകയാണ് വേണ്ടത്" എന്ന് പറഞ്ഞാൽ രക്ഷയായി.

എങ്ങനെയെല്ലാമാണ് മുമ്പു പറഞ്ഞ ആവശ്യങ്ങളെ മൂർത്തവൽക്കരിക്കാനാകുക? (അതാവശ്യമില്ല എല്ലാക്കാലത്തും സമരം ചെയ്യാൻ നാലാളു കേട്ടാലറിയുന്നതും തടിക്ക് ദോഷം വരാത്തതുമായ ഒരു വിഷയം മതിയെങ്കിൽ ഇതു പരിഗണിക്കേണ്ടതില്ലതാനും!)

ഏറ്റവും പ്രധാനം കോളക്കമ്പനി നാട്ടിലെ മണ്ണിനും ജനങ്ങൾക്കും എത്രമാത്രം വിനാശം വരുത്തിയെന്ന് വസ്തുനിഷ്ഠമായും യുക്തിഭദ്രമായും വലയിരുത്തപ്പെടുകയെന്നതാണ്. ഈ വിലയിരുത്തൽ പൊതുസമൂഹത്തിനും നിയമവ്യവസ്ഥക്കും ബോധ്യപ്പെടുന്നതുകൂടിയായിരിക്കണം. ഇതു ചെയ്യാൻ കഴിയുന്നതാർക്കാണ്? ഇത്തരമൊരു പഠനം നടത്താനും അതു വച്ചു കൊണ്ട് ന്യായമായ നഷ്ടപരിഹാരം വാങ്ങിക്കൊടുക്കാനും സർക്കാരനുമാത്രമേ കഴിയൂ. വിവിധ വകുപ്പുകളും വിദഗ്ധരും ഉൾപ്പെട്ട ഒരു സംവിധാനത്തിനു മാത്രമേ ഇതിനു കഴിയുകയുള്ളൂ. മലിനീകരണനിയന്ത്രണ ബോർഡ്, ആരോഗ്യം, കൃഷി മണ്ണ്-ജലസംരക്ഷണം, ജല വിഭവം തുടങ്ങിയ വകുപ്പുകളും അന്താരാഷ്ട്രപ്രശസ്തിയുള്ള (ഐ ഐ ടി പോലുള്ള) ഗവേഷണ സ്ഥാപനങ്ങളും ഇതിൽ ഉൾപ്പെടണം. ഇതുകൊണ്ടുമായില്ല. നിലവിലുള്ള പല നിയമങ്ങളും ഇത്തരത്തിലൊരു ലക്ഷ്യം നേടാൻ സഹായകമല്ല. പലതും തിരുത്തണം. പല പുതിയ നിയമങ്ങളുമുണ്ടാകണം. ഏറെക്കാലമെടുക്കുന്നതും ഭരണകൂടത്തിന്റെ സമ്പൂർണമായ ഇടപെടൽ ആവശ്യമാകുന്നതുമായതാണ് ഈ പരിപാടികൾ. അതിശക്തമായ രാഷ്ട്രീയ ഇച്ഛാശക്തിയുള്ള സർക്കാരിനേ ഇതു കഴിയൂ. ഇന്നത്തെ അവസ്ഥയിൽ ഇതു സാധ്യമാണോ? എങ്ങനെ സാധ്യമാക്കാം? ഇതാണ് സമരം നേരിടുന്ന പ്രധാന പ്രതിസന്ധി.

ഇതാണ് പ്ലാച്ചിമട ഉന്നയിക്കുന്ന രാഷ്ട്രീയ പ്രശ്നം. ഇതിൽ എങ്ങനെ ഇടപെടാൻ സമരക്കാർക്കു കഴിയും? അതിനു കഴിയില്ലായെങ്കിൽ മുദ്രാവാക്യങ്ങൾ വെറും പൊള്ളയായിപ്പോകും. നേരത്തെ സൂചിപ്പിച്ച ചില ലക്ഷ്യങ്ങൾ മാത്രം നേടാനാകും! പ്രശ്നം എന്നന്നേക്കും തുടരും. സമരവും തുടരാം... (സോഷ്യലിസം വരുന്നതുപോല!)

ഇന്നത്തെ രാഷ്ട്രീയകാലാവസ്ഥയിൽ ഈ ലക്ഷ്യങ്ങൾ നേടിയെ



ടുക്കാനാകുമോ? ഏതു മുന്നണി ഭരണത്തിലെത്തിയാലും ഈ സമരം ഉന്നയിക്കുന്ന പ്രശ്നങ്ങൾ അവരുടെ അജണ്ടയിൽ വരില്ലെന്നു തീർച്ച. 'നിക്ഷേപക സൗഹൃദ'മായിരിക്കണം തങ്ങുടെ സർക്കാർ എന്ന് ഇരു മുന്നണികളും പ്രഖ്യാപിക്കുമ്പോൾ ഒരു 'വിദേശ നിക്ഷേപകനെ' പിണക്കുന്നത് 'തെറ്റായ സന്ദേശം 'നൽകുമല്ലോ. ഈ രാഷ്ട്രീയ കക്ഷികളുടെ അജണ്ടയിൽ മാറ്റം വരുത്താൻ ശേഷിയുള്ള ഒന്നായി ഈ സമരത്തെ വികസിപ്പിക്കാനാകുമോ? അതിനുശ്രമിക്കുന്നുണ്ടോ? ഉണ്ടെന്നു പറയാനാവില്ല. അടിസ്ഥാനരാഷ്ട്രീയ സമീപനത്തിൽ മാറ്റം വരുത്തുന്നതിനുവേണ്ട ഇടപെടൽ വളരെ സൂക്ഷ്മവും ശക്തവുമായിരിക്കണം. അതു നടക്കുന്നുണ്ടോ? അതിനുവേണ്ട ജനകീയ സമര ഐക്യം രൂപപ്പെടുന്നുണ്ടോ? ഉണ്ടെന്നു പറയാനാവില്ല. ഭരണകൂടത്തിനുമേൽ എന്തു തരം സമ്മർദ്ദമാണിന്ന് പ്ലാച്ചിമട സമരം ഉണ്ടാക്കുന്നത്? ഒന്നുമില്ല. മറിച്ച് ഭരണകൂടത്തെ കീഴ്പ്പെടുത്താൻ ശേഷിയുള്ള ഒട്ടനവധി സമരങ്ങൾ കേരളത്തിൽത്തന്നെ നടക്കുന്നുണ്ട് എന്നതും കാണണം. പ്രത്യേകിച്ചും ഭൂമിയുമായി ബന്ധപ്പെട്ട സമരങ്ങൾ. അവയുമായി ബന്ധപ്പെടുത്തി പ്ലാച്ചിമട സമരത്തെ വളർത്തണമെങ്കിൽ ഇന്നത്തെ സമീപനം മതിയാകില്ല. പ്ലാച്ചിമടയിൽ പ്രത്യേക്ഷ എതിരാളിയില്ല. എല്ലാ കക്ഷിനേതാക്കളും പ്ലാച്ചിമടയിൽ വന്നു പ്രസംഗിക്കും. ചുരുക്കത്തിൽ ആ സമരത്തിന്റെ ഇന്നത്തെ 'അരാഷ്ട്രീയത' മാറാതെ രാഷ്ട്രീയ ഇടപെടൽ നടത്താനാവില്ല. ഇതു കേവലം ചില വ്യക്തികളുടെ പ്രശ്നമോ, സംഘടനാ പ്രശ്നമോ ഒന്നുമല്ല. (അതൊക്കെയുണ്ടാകാം. പക്ഷെ ശരിയായ രാഷ്ട്രീയ ദിശാബോധമുണ്ടെങ്കിൽ ഇതൊക്കെ മാറും. അതില്ലാത്തതിനാൽ തുടരും!)

ഒരൊറ്റ ഉദാഹരണം മാത്രം പറയാം. മലിനീകരണത്തിനും വിഭവശോഷണത്തിനും ഇരയായവർക്ക് നഷ്ടപരിഹാരം നൽകണമെന്നത് സർക്കാർ നയമാകുന്നുവെങ്കിൽ ആദ്യം അതിനർഹരാകുന്നത് മാവൂരിലേയും ഏലൂരിലേയും ജനങ്ങളാണ് (താരതമ്യത്തിനു പ്രസക്തിയില്ലെങ്കിലും പറയാതെവയ്യ). ആയിരക്കണക്കിനു മനുഷ്യർ പതിറ്റാണ്ടുകളായി കടുത്ത മലിനീകരണത്തിനിരയായി കഴിയുന്ന ഏലൂരിൽ, വ്യക്തമായ പഠനങ്ങൾ നടന്നിട്ടുണ്ട്. സർക്കാരിനും സുപ്രീം കോടതിക്കും വരെ മലിനീകരണം സംബന്ധിച്ച വിവരമുണ്ട്, ബോധ്യമുണ്ട്. പക്ഷെ വളരെ ചെറിയ ഒരു പരിഹാര നടപടിയായ ശുദ്ധജല വിതരണം പോലും, കോടതി ഉത്തരവുണ്ടായിട്ടും അവിടെ നടക്കുന്നില്ല. ഇതെന്തുകൊണ്ടാണെന്ന് പഠിക്കാൻ പ്ലാച്ചിമട സമരം ചെയ്യുന്നവർ തയ്യാറാകേണ്ടതല്ലേ? സമരമെന്നാൽ ചരിത്രത്തിൽ നിന്നും ഊർജ്ജം സംഭരിച്ചുകൊണ്ട് മുന്നോട്ട് പോകേണ്ടതാണ്. ഏലൂരിലെ സമരത്തിന് തകരാറുണ്ടായിരുന്നുവോ? പരിശോധിക്കണം. ഇതു കേവലം വ്യക്തി-സംഘടനാവിമർശനമല്ല. ചരിത്രത്തിന്റെ ആവശ്യമാണ്. 40 ലക്ഷം പേർക്കും കുടിവെള്ളം നൽകുന്ന പെരിയാർ മലിനമായിട്ടും അതിനുപരിഹാരം നേടാൻ കഴിയാത്തതെന്തുകൊണ്ടെന്ന് നാമറിയണം.

ഏറ്റവും പ്രധാനമായി, പ്ലാച്ചിമട സമരം ഉന്നയിക്കുന്ന രാഷ്ട്രീയം ഇന്നും പൊതു സമൂഹത്തിന് സ്വീകാര്യമായിട്ടില്ല. അതുകൊണ്ടുതന്നെ ഭരണകൂടത്തിനും ബാധകമാകുന്നില്ല. ഇത്തരത്തിലുള്ള അടിസ്ഥാന സമീപനങ്ങൾ രൂപീകരിച്ചുകൊണ്ട് പ്ലാച്ചിമടക്കു മുന്നോട്ടു പോകാൻ കഴിയണമെന്നതു സത്യം. കഴിയുമോയെന്നതു സംശയം?

*തണൽ, കൊച്ചി-32*


## കേരളീയം പ്രത്യേക ലക്കങ്ങൾ പ്രതീക്ഷിക്കുക

- **ആയുർവ്വേദത്തിന്റെ ആരോഗ്യം?**
  ഗസ്റ്റ് എഡിറ്റർ :
  ഡോ. എം. പ്രസാദ്
- **സാമ്പത്തിക പതിപ്പ്- ധനകാര്യസ്ഥാപനങ്ങൾ**
  ഗസ്റ്റ് എഡിറ്റർ :
  ഡോ. സെബാസ്റ്റ്യൻ ചിറ്റിലപ്പിള്ളി



## ഡോക്യുമെന്ററി സിനിമകൾ

**ഒരായിരം ദിനങ്ങളും ഒരു സ്വപ്നവും** (1000 Days & A Dream) പ്ലാച്ചിമട സമരം പുതിയ ഡോക്യുമെന്ററി (ഇംഗ്ലീഷ്/മലയാളം, 40 മിനിറ്റ്)

**കയ്പുനീർ** (മലയാളം) Bitter Drink (English) പ്ലാച്ചിമട കൊക്കകോള സമരം/25 മിനിറ്റ്.

**കനവ്** : വയനാട്ടിലെ കനവ് ബദൽ വിദ്യാഭ്യാസ (ഗുരുകുല)ത്തെക്കുറിച്ച്/35 മിനിറ്റ്

**ബാക്കിപത്രം** : ചാലിയാർ/ മാവൂർ ഗ്രാസിം സമരത്തെക്കുറിച്ച്/35 മിനിറ്റ്. സംവിധാനം-സി. ശരത്ചന്ദ്രൻ, പി. ബാബുരാജ്, നിർമ്മാണം : തേഡ് ഐ കമ്യൂണിക്കേഷൻ.

**Stolen Water** (അപഹരിക്കപ്പെട്ട ജലം) 27 മിനിട്ട്, പ്ലാച്ചിമട സംവിധാനം : ദയ, പ്രശാന്ത്

**കരിമുകൾ**, 30 മിനിട്ട്, മലയാളം ഡോക്യുമെന്ററി സംവിധാനം : മണിലാൽ 24 മിനിട്ട്

**വെള്ളക്കള്ളൻ** (Water Thief) പ്ലാച്ചിമട ഫോട്ടോ പ്രസന്റേഷൻ മധുരാജ്-മാതൃഭൂമി 30 മിനിട്ട്.

**Source of Life for Sale**, 60 mts., Direction : K.P. Sasi

**വി.സി.ഡി./ഡി.വി.ഡി./വി.എച്ച്.എസ്. കാസറ്റ്. കോപ്പികൾക്കും പ്രദർശനത്തിനും**

**കേരളീയം**

കൊക്കാലെ, തൃശൂർ-21.
ഫോൺ : 9446576943, 9447674375